# പുതുപ്പാടി ഗ്രാമപഞ്ചായത്ത് കാര്യാലയം

പുതുപ്പാടി (പി.ഒ)-673586, കോഴിക്കോട്

Ph:0495 223 5229 - Email:pgpkkd@gmail.com

www.lsgkerala.in/puduppadypanchayat/


No: - 8835/2023 Date: 8.12.2023

പ്രേഷകൻ

സെക്രട്ടറി

പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴിക്കോട്

സർ,

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്ഥിരം അദാലത്ത്-
സംബന്ധിച്ച്.

സൂചന : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 1.12.2023 ലെ IV01/23
നമ്പർ കത്ത്

സൂചന പ്രകാരം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ട ഫയലുകൾ പരിശോധിച്ച് താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

**1) രാജു.പി.കെ , കളപ്പുരയിൽ 5983/23**

ശ്രീ രാജു.പി.കെ , കളപ്പുരയിൽ ( വീട് ) , കക്കാട് ( പി.ഒ ) എന്നവരുടെ നിലവിലുള്ള 19/362 നമ്പര് വീടിന് കൂട്ടിച്ചേർത്തൽ വരുത്തിയത് ക്രമവൽക്കരിക്കുന്നതിന് നൽകിയ അപേക്ഷയാണിത്. ഒക്കുപെൻസി അനുവദിക്കാമെന്ന് കാണിച്ച് 8.12.2023 ന് എൻജിനിയറിംഗ് വിംഗിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 11.12.2023 ന് തന്നെ കെട്ടിടത്തിൻറെ നികുതി പുനർനിർണ്ണയിച്ച് ഫയൽ തീർപ്പാക്കുന്നതാണ്.

**2) അബ്ദുൾ സലാം , പാലക്കമണ്ണിൽ 8027/23**

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ നിന്നും 28.6.2021 ന് അനുമതി നൽകിയ എ6- ബിഎ ( 132831 )/2021 നമ്പർ പെർമിറ്റ് ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷയാണിത്. 287.11 ച.മീറ്റര് നിർമ്മാണത്തിന് മാത്രം അനുമതി നൽകിയ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് 104.24 ച.മീറ്റര് അധികനിർമ്മാണം നടത്തി ആകെ 391.35 ച.മീറ്റര് നിർമ്മാണമാണ് നടത്തിയിരിക്കുന്നത്. ഒക്കുപെൻസി അനുവദിക്കാമെന്ന് 5.12.2023 ന് അസി.എൻജിനിയര് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂള് 16 പ്രകാരം ഇത് ശരിയല്ല എന്ന് കാണുന്നു. ആയതിനാൽ പുതിയ

പ്ലാൻ സമർപ്പിക്കുന്നതിന് അപേക്ഷകനോട് ആവശ്യപ്പെട്ട് ഈ ഫയല് തീർപ്പാക്കുന്നതാണ്.

**3)അബ്ദുൾ സലാം മുഹമ്മദ് ബഷീർ 6622/23**

കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയാണിത്. ക്രമവൽക്കരിച്ച് ഒക്കുപെൻസി നൽകാവുന്നതാണെന്ന് 7.12.2023 ന് സാങ്കേതിക വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ക്രമവൽക്കരണ ഫീസ് അടവാക്കുന്നതിന് അപേക്ഷകർക്ക് അറിയിപ്പ് നൽകി യുദ്ധകാലാടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കുന്നതാണ്.

**4)കീരൻ.പി.ടി , കണലാട് 7004/2023**

ശ്രീ കീരൻ .പി.ടി കണലാട് എന്നവരുടെ കെട്ടിട നിർമ്മാണ അപേക്ഷ 11.10.2023 ന് ആണ്. ഐഎൽജിഎംഎസ് മുഖാന്തിരം സാങ്കേതിക വിഭാഗത്തിന് കൈമാറിയിരിക്കുന്നത് . എന്നാൽ മാനുവൽ ഫയൽ ലഭ്യമായില്ല എന്ന് കാണിച്ച് പ്രസ്തുത ഫയൽ തിരിച്ചയച്ചത് 6.12.2023 ന് മാത്രമാണ്. 7.12.2023 ന് പ്രസ്തുത ഫയൽ പരിശോധനയ്ക്കായി സാങ്കേതിക വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. അപേക്ഷയിൽ റിപ്പോർട്ട് 11.12.2023 ന് തന്നെ ലഭ്യമാക്കി പെർമിറ്റ് അനുവദിക്കുന്നതാണ്.

**5) ടോം.സി, തെക്കേക്കര, മൈലള്ളംപാറ 7609/23**

ബിഎ 118568/2023 നമ്പര് പെർമിറ്റ് പ്രകാരം നിർമ്മാണം നടത്തിയ കെട്ടിടത്തിന് ഒക്കുപെൻസി നൽകാവുന്നതാണ് എന്ന് 4.12.2023 ന് സാങ്കേതികവിഭാഗത്തിൻറെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 10.44 ച.മീറ്റര് അധികനിർമ്മാണം നടത്തിയതിന് ഫീസടവാക്കുന്നതിന് അപേക്ഷകനെ അറിയിച്ച് ഫയൽ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതാണ്.

**6) അബ്ദുറഹ്മാൻ & നഫീസ മരുതോട്ടിൽ 2322/22**

മേൽ സൂചന പ്രകാരമുള്ള അപേക്ഷയിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് കത്ത് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്

1. സങ്കേതം സോഫ്റ്റ് വെയർ വഴി കംപ്ലീഷന് സർട്ടിഫിക്കറ്റ് സമര്പ്പിക്കുക.2). കെട്ടിട നമ്പറിനുള്ള അപേക്ഷ സമര്പ്പിക്കുക. 3. വില്ലേജ് ഓഫീസില് നിന്നും ഒറ്റതവണ നികുത രസീതി ഹാജരാക്കുക.
   തുടർനടപടികള് യുദ്ധകാലാടിസ്ഥാനത്തില് സ്വീകരിക്കുന്നതാണ്.

**7)സാദിയ & അബൂബക്കര് കരികുളം 3456/22**

കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയാണിത്. മാനുവൽ ഫയൽ ലഭ്യമായില്ല എന്ന് സെക്ഷനിൽ നിന്ന് അറിയിച്ചിട്ടുണ്ട്. സാങ്കേതികമായ എല്ലാ പരിശോധകളും കഴിഞ്ഞ് ക്രമവൽക്കരണ ഫീസും ഈടാക്കിയതാണ്. ഒക്കുപെൻസി മാത്രമേ കെട്ടിടത്തിന് നൽകാനുള്ളൂ. ക്രമവൽക്കരിച്ച പ്ലാന് സങ്കേതം സോഫ്റ്റ് വെയറിൽ ലഭ്യമാണ്. ആയത് പരിശോധിച്ച് 11.12.2023 ന് കെട്ടിട നമ്പര് അനുവദിക്കുന്നതാണ്.

**8) ആയിഷക്കുട്ടി മണ്ഡലമുക്ക്, കാക്കവയൽ 6987/23**

എ6- ബിഎ- 297655/2021 നമ്പര് പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് കെട്ടിട നമ്പര് അനുവദിക്കുന്നതിനുള്ള അപേക്ഷയാണ്. സാങ്കേതിക വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിനായി 5.12.2023 ന് ഫയൽ കൈമാറിയിട്ടുണ്ട്. 11.12.2023 ന് തന്നെ റിപ്പോർട്ട് ലഭ്യമാക്കി ഫയൽ തീർപ്പാക്കുന്നതാണ്.

**9) ശ്രീമതി കവുങ്ങുള്ളകന്ന് 5552/23**

കെട്ടിടനിർമ്മാണാനുമതി നൽകിയ ഭാഗത്തല്ല നിർമ്മാണം നടത്തിയത് എന്നതിനാൽ 110 കെവി ലൈനിൽ നിന്നും മതിയായ അകലം പാലിക്കുന്നില്ല എന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ഇ.ബിയുടെ നിരാക്ഷേപ പത്രം ലഭിച്ചത് പ്രകാരം ഫയൽ പുന:പരിശോധനയ്ക്ക് 1.12.2023 ന് സാങ്കേതിക വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതും ഫയലിൽ നടപടി സ്വീകരിക്കുന്നതുമാണ്.

**10) കോമളവല്ലി കരീപ്പാറമ്മൽ 7308/23**

ബിഎ 19929/2023 നമ്പര് പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നമ്പര് അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മാന്വൽ ഫയൽ ലഭ്യമായില്ല എന്ന് സെക്ഷന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഐഎൽജിഎംഎസിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. പെർമിറ്റ് ലഭിച്ച പ്ലാന് സങ്കേതത്തിലും ലഭ്യമാണ്. ആയതിൻറെ പ്രിൻറ് എടുത്ത് റിപ്പോർട്ടിനായി സാങ്കേതിക വിഭാഗത്തിന് കൈമാറി ഫയലിൽ തുടർനടപടികള് യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

**11) നസീറ, തേക്കുംതോട്ടം 7244/23**

ബിഎ 309702/2023 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആവശ്യമായ രേഖകൾ ഐഎൽജിഎംഎസിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. പെർമിറ്റ് ലഭിച്ച പ്ലാന് സങ്കേതത്തിലും ലഭ്യമാണ്. ആയതിൻറെ പ്രിൻറ് എടുത്ത് റിപ്പോർട്ടിനായി സാങ്കേതിക വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഫയലിൽ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികള് യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

**12) സാലിഹ് അബ്ദുറഹ്മാൻ കുട്ടി 3525/23**

പെർമിറ്റ് പുതുക്കുന്നതിന് സമർപ്പിച്ച അപേക്ഷയാണ്. സാങ്കേതിക വിഭാഗത്തിൻറെ റിപ്പോർട്ടിൽ അവ്യക്തതയുണ്ടെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ സാങ്കതിക വിഭാഗത്തിന് ഫയൽ തിരിച്ചയച്ചിരുന്നു. 11.12.2023 ന് തന്നെ റിപ്പോർട്ട് ലഭ്യമാക്കി ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**13) നൌഫൽ അടിവാരം 5086/23**

കൊമേഴ്സ്യൽ കം ലോഡ്ജ് ബിൽഡിംഗിന് പെർമിഷൻ നൽകുന്നതിനുള്ള അപേക്ഷയാണിത്. 28.6.2023 ന് സാങ്കേതികവിഭാഗത്തിന് റിപ്പോർട്ടിനായി ഫയൽ കൈമാറിയിട്ടും റിപ്പോർട്ട് ലഭ്യമായിട്ടില്ല. അനിവാര്യത കാണിച്ച് എഇക്ക് കത്ത് നൽകിയിട്ടുള്ളതാണ്. അടിയന്തിരമായി ആയത് ലഭ്യമാക്കി ഫയൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**14) നഫീസ, കമ്പാരം കൊട്ടാരക്കോത്ത് 5810/23**

പെർമിറ്റ് പുതുക്കുന്നതിന് ആണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരിശോധന നടത്തുന്നതിന് ബാക്ക് ഫയൽ ആവശ്യമാണെന്ന് കാണിച്ച് സാങ്കേതികവിഭാഗം 5.12.2023 ന് ഫയൽ തിരിച്ചയച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി 11.12.2023 ന് ഫയല് തീർപ്പാക്കുന്നതാണ്.

**15) സമീർ & റസീന ഇരുമ്പിൻ ചീടൻകുന്ന് 6631/23**

23.1.2019 ലെ ബിഎ- 46106/2019 നമ്പര് പെർമിറ്റ് പുതുക്കുന്നതിന് ആണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പെർമിറ്റ് പുതുക്കി നൽകാവുന്നതാണ് എന്ന് സാങ്കേതിക വിഭാഗം 5.12.2023 ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പുതുക്കൽ ഫീസ് ഡിമാൻറ് ചെയ്തിട്ടുണ്ട്. തുക അടവാക്കുന്നതിന് അപേക്ഷകർക്ക് നിർദ്ദേശം നൽകി ഉടൻതന്നെ ഫയലിൽ നടപടി പൂർത്തീകരിക്കുന്നതാണ്.

SECRETARY
Puthuppady Grama Panchayath